**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 5092 04.07.2012-ൽ മറുപടിയ്ക്ക്

**ഫോർട്ട് പോലീസ് സ്റ്റേഷനിലെ മർദ്ദന മുറകൾ**

ചോദ്യം

ശ്രീ. കെ. വി. അബ്ദുൾ ഖാദർ:

ഉത്തരം

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
(ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

(എ) തിരുവനന്തപുരം ഫോർട്ട് പോലീസ് സ്റ്റേഷൻ വീണ്ടും ഭീകര മർദ്ദന മുറകളുടെ കേന്ദ്രമാകുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് അന്വേഷണം നടത്തുകയോ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടോ;

(സി) ഇത് സംബന്ധിച്ച് ആരെങ്കിലും പരാതി നൽകിയിട്ടുണ്ടോ?

(എ) (ബി) & (സി) 2 പരാതികൾ ലഭിച്ചിട്ടുണ്ട്. കഴക്കൂട്ടം മണക്കാട്ടു വീട്ടിൽ ശ്രീ . ഷാജി ടിയാന്റെ സഹോദരൻ ശ്രീ. ഹുസൈനെ 4/6/2011 -ൽ ഫോർട്ട് പോലീസ് സ്റ്റേഷനിലെ പോലീസുകാർ മർദ്ദിച്ചവശനാക്കി എന്നാരോപിച്ച് നൽകിയ പരാതിയിന്മേലും കരിമഠം A.S.K ലൈനിലെ ബധിര – മൂക യുവാവായ മഹേഷിനെ 7/11/2011 – ൽ ഫോർട്ട് പോലീസ് സ്റ്റേഷനിലെ പോലീസുകാർ മർദ്ദിച്ച എന്നാരോപിച്ച് Differently Abled Peoples Congress സംസ്ഥാന പ്രസിഡന്റ് ശ്രീ.കൊറ്റാമം വിമൽകുമാർ സമർപ്പിച്ച പരാതിയിന്മേലും പോലീസ് ഡയറക്ടർ ജനറലിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്.

സെക്ഷൻ ഓഫീസർ